(സി) അംഗൻവാടി കെട്ടിട നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ജനറൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ നാട്ടുകാർ സ്ഥലം സംഭാവനചെയ്യുന്ന സാഹചര്യത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കെട്ടിട നിർമ്മാണത്തിന് നീക്കി വെച്ചിട്ടുള്ള ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി കെട്ടിടം നിർമ്മാണം പൂർത്തിയാക്കുന്നതാണ്. ലോകബാങ്ക് സഹായത്തോടുകൂടി പ്രവർത്തിക്കുന്ന പ്രോജക്ടുകൾക്ക് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു അംഗൻവാടിയ്ക്ക് 1.25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

(ഡി) വർക്കല ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഏഴ് പഞ്ചായത്തുകളിലും നഗരസഭയിലും കൂടി 130 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 102 കേന്ദ്രങ്ങൾ പഞ്ചായത്ത് ഏരിയായിലും 28 എണ്ണം മുനിസിപ്പാലിറ്റി ഏരിയായിലും ആണ്.

49 (573) പുതിയ അംഗനവാടികൾ തുടങ്ങുന്നതിന് പരിപാടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ബ്ലോക്കുകളിലാണ് ഐ.സി.ഡി.എസ് പദ്ധതി ആരംഭിക്കുന്നത്;

(ബി) പുതിയതായി സംസ്ഥാനത്ത് എത്ര അംഗനവാടികൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ചേർപ്പ് ബ്ലോക്കിൽ ഈ വർഷം അംഗനവാടികൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ചേർപ്പ് ബ്ലോക്കിൽ എത്ര അംഗനവാടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഓരോ പഞ്ചായത്തിലും എത്ര വീതം;

(ഇ) പുതിയ അംഗനവാടികൾ എന്നുമുതലാണ് തുടങ്ങുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 23 ബ്ലോക്കുകളിൽ

(ബി) 6637 അംഗനവാടികൾ

(സി) അംഗനവാടി വർക്കർ/ഹെൽപ്പർ തെരഞ്ഞെടുപ്പിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വർക്കർ/ഹെൽപ്പർ നിയമനത്തിനായുള്ള അപേക്ഷ ക്ഷണിച്ചിട്ടുമുണ്ട്.

(ഡി) ചേർപ്പ് ബ്ലോക്കിൽ 181 അംഗൻവാടികൾ. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) അംഗനവാടി വർക്കർ/ഹെൽപ്പർമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായാലുടൻ തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly